എന്നാൽ കേന്ദ്രത്തിൽനിന്നും സംസ്ഥാനത്തിനുള്ള മണ്ണെണ്ണ വിഹിതം വർഷാവർഷങ്ങളിൽ കുറച്ച സാഹചര്യത്തിൽ 2003 ഏപ്രിൽ മുതൽ മേൽപ്പറഞ്ഞ അളവിന്റെ 50% മണ്ണെണ്ണ മാത്രമാണ് നൽകുന്നത്.

(ബി) മത്സ്യബന്ധന മണ്ണെണ്ണ പെർമിറ്റുകൾ ലഭിച്ചിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക്, മത്സ്യബന്ധന ബോട്ടുകൾ കാലപ്പഴക്കം കൊണ്ട് പ്രവർത്തനരഹിതമായി തീരുകയോ കൈമാറ്റം ചെയ്യപ്പെടുകയോ വിൽക്കുകയോ മറ്റുവിധത്തിൽ കൈവശമില്ലാതായി തീരുകയോ ചെയ്യാവുന്നതാകയാൽ, മുമ്പ് ലഭിച്ചിട്ടുള്ള പെർമിറ്റുകൾ ഉപയോഗിച്ച് മണ്ണെണ്ണ ദുരുപയോഗം ചെയ്യാതിരിക്കുന്നതിനുവേണ്ടിയാണ് എഞ്ചിനുകളും ബന്ധപ്പെട്ട രേഖകളും മൂന്ന് വർഷം കൂടുമ്പോൾ പരിശോധനയ്ക്ക് വിധേയമാക്കുന്നത്. മുൻവർഷങ്ങളിൽ സംയുക്ത പരിശോധനയ്ക്ക് സ്വീകരിച്ച മാർഗ്ഗരേഖകളും 12-8-2003-ൽ ചേർന്ന ബന്ധപ്പെട്ട വകുപ്പുതലവന്മാരുടെയും മത്സ്യത്തൊഴിലാളി സംഘടനാ പ്രതിനിധികളുടെയും യോഗതീരുമാനങ്ങളും അനുസരിച്ചാണ് 14-12-2003-ൽ സംയുക്ത പരിശോധന നടത്തിയത്.

(സി) പെർമിറ്റ് നൽകുന്നതിനുള്ള ഔട്ട്ബോർഡിന്റെ പഴക്കം കണക്കാക്കാതെ പ്രവർത്തനസജ്ജമായ എല്ലാ എഞ്ചിനുകൾക്കും പെർമിറ്റ് നൽകണമെന്ന ആവശ്യം മുൻനിർത്തിയാണ് കോഴിക്കോട് ജില്ലയിലും മലപ്പുറം ജില്ലയിൽ തിരൂരങ്ങാടി താലൂക്കിലും മത്സ്യത്തൊഴിലാളികൾ പരിശോധനയ്ക്ക് സഹകരിക്കാതിരുന്നത്.

പാചകവാതക സിലിണ്ടർ വിതരണത്തിലെ അപാകതകൾ

60 [1067] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വേണ്ടത്ര പാചകവാതക സിലിണ്ടറുകൾ ലഭിക്കുന്നില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് എത്ര പാചകവാതക സിലിണ്ടർ ഉപഭോക്താക്കൾ ഉണ്ട് എന്നും ഇവർക്ക് യഥാസമയം സിലിണ്ടറുകൾ നൽകുന്നുണ്ടോ എന്നും സർക്കാർ പരിശോധിക്കാറുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ഏതെല്ലാം അളവിലുള്ള എത്ര പാചക സിലിണ്ടറുകളാണ് ഇപ്പോൾ വിതരണം ചെയ്യുന്നത്; വിശദാംശം വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് ഇപ്പോൾ എത്ര പാചകവാതക വിതരണ ഏജൻസികളുണ്ടെന്നും പ്രസ്തുത ഏജൻസികൾക്ക് ഏതൊക്കെ തരത്തിലുള്ള എത്ര സിലിണ്ടറുകളാണ് അലോട്ട്മെന്റ് ഉള്ളതെന്നും വ്യക്തമാക്കുമോ;

(ഇ) തിരുവനന്തപുരം ജില്ലയുടെ തെക്കേ അറ്റത്തുള്ള ജെ. കെ. ഏജൻസീസിന് എതൊക്കെ തരത്തിലുള്ള എത്ര ഗ്യാസ് സിലിണ്ടറുകളാണ് ഉള്ളത്; പ്രസ്തുത ഏജൻസിയിൽ അലോട്ട്മെന്റുള്ള ഉപഭോക്താക്കളുടെ ലിസ്റ്റും ലഭ്യമാക്കുമോ;

(എഫ്) പ്രസ്തുത ജെ. കെ. ഏജൻസീസ് യഥാസമയം ഉപഭോക്താക്കൾക്ക് ഗ്യാസ് സിലിണ്ടറുകൾ ലഭ്യമാക്കാതെ ഓട്ടോകൾക്കും തൊട്ടടുത്ത തമിഴ്നാട് സംസ്ഥാന അതിർത്തികളിലും വിൽപ്പന നടത്തുന്നത് പരിശോധിച്ച് വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) സംസ്ഥാനത്ത് വിപണനം നടത്തുന്ന വിവിധ അളവുകളുള്ള ഗ്യാസ് കുറ്റികൾ എത്ര രൂപ വിലയ്ക്കാണ് ഇപ്പോൾ നൽകിവരുന്നത് എന്ന് വ്യക്തമാക്കാമോ;

(എച്ച്) ഈ വിലയ്ക്ക് നൽകാതെ അമിതവിലയ്ക്ക് ഗ്യാസ് കുറ്റികൾ വിൽക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഒഴിവാക്കാൻ എന്ത് നടപടികൾ സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്. സംസ്ഥാനത്ത് ഏകദേശം 38.3 ലക്ഷം പാചക വാതക ഉപഭോക്താക്കൾ ഉണ്ട്. ഇവർക്ക് യഥാസമയം സിലിണ്ടറുകൾ ലഭിക്കുന്നുണ്ട്.

(സി) 19 കിലോഗ്രാം, 14.2 കിലോഗ്രാം, 5 കിലോഗ്രാം എന്നിങ്ങനെ ഗ്യാസ് നിറച്ച മൂന്നുതരം സിലിണ്ടറുകളാണ് ഗാർഹിക, ഗാർഹികേതര ആവശ്യങ്ങൾക്കായി വിതരണം ചെയ്യുന്നത്.

(ഡി) സംസ്ഥാനത്ത് 337 പാചക വാതക വിതരണ ഏജൻസികൾ ഉണ്ട്. അവർക്ക് മേൽസൂചിപ്പിച്ച തരത്തിൽപ്പെട്ട സിലിണ്ടറുകളാണ് നൽകുന്നത്. പണം അടയ്ക്കുന്നത് അനുസരിച്ച് ഗ്യാസ് ഏജൻസികൾക്ക് ആവശ്യാനുസരണം ഗ്യാസ് സിലിണ്ടറുകൾ ഓയിൽ കമ്പനികളിൽനിന്നും ലഭിക്കുകയാണ് ചെയ്യുന്നത്.

(ഇ) തിരുവനന്തപുരം ജില്ലയുടെ തെക്കേ അറ്റത്തുള്ള ജെ. കെ. ഏജൻസീസിൽ 5 കിലോഗ്രാം, 14.2 കിലോഗ്രാം, 19 കിലോഗ്രാം എന്നിങ്ങനെ മൂന്നുതരം സിലിണ്ടറുകളാണുള്ളത്. കണക്ഷനുകളുടെ എണ്ണം താഴെപ്പറയുംപ്രകാരമാണ്:

5 കിലോഗ്രം സിലിണ്ടർ	..	50	എണ്ണം
14.2 ,,	..	16,180	,,
19 ,,	..	27	,,

(എഫ്) ഇത്തരം ഒരു പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഇത്തരത്തിൽ അനധികൃത വില്പന നടത്തുന്നുണ്ടോ എന്ന് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതിന് ദക്ഷിണ മേഖലാ ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ജി) സൗജന്യ വിതരണ മേഖലയിലെ വില താഴെപ്പറയും പ്രകാരമാണ്:

ചില്ലറ വില്പന വില (രൂപയിൽ)

	19 കിലോ	14.2 കിലോ	5കിലോ
തിരുവനന്തപുരം	655.71	260.96	96.89
കൊച്ചി	648.58	257.68	95.74

LIBRARY ARCHIVES Kerala Legislative Assembly

മേൽ വില കൂടാതെ ഗ്യാസ് സിലിണ്ടറുകൾ വീടുകളിലും മറ്റും സൗജന്യ വിതരണ മേഖല കഴിഞ്ഞ് (5 കി.മീ. കൂടുതൽ) എത്തിച്ചുകൊടുക്കുന്നതിന് ട്രാൻസ്പോർട്ടേഷൻ ചാർജ് കൂടി ഗ്യാസ് ഏജൻസികൾ ഈടാക്കുന്നുണ്ട്.

(എച്ച്) ഇങ്ങനെ പരാതികൾ ലഭിക്കാറുണ്ട്. എൽ.പി.ജി. (റഗുലേഷൻ ഓഫ് സപ്ലൈ ആന്റ് ഡിസ്ട്രിബ്യൂഷൻ) ഓർഡർ 2000 അനുസരിച്ച് സൗജന്യ വിതരണ മേഖല കഴിഞ്ഞ് (5 കി. മീ. കൂടുതൽ) വീടുകളിലും മറ്റും ഗ്യാസ് സിലിണ്ടറുകൾ വിതരണം ചെയ്യുന്നതിനുള്ള ട്രാൻസ്പോർട്ടേഷൻ/ഡെലിവറി ചാർജ് ജില്ലാ കളക്ടർമാർ നിശ്ചയിച്ചു നൽകുന്നുണ്ട്. പ്രാദേശികമായ പ്രത്യേകതകൾ കണക്കിലെടുത്താണ് ചാർജ് നിശ്ചയിക്കുന്നത്. ഇതിൽ കൂടുതൽ വില ഈടാക്കുന്ന ഗ്യാസ് ഏജൻസികൾക്കെതിരെ പരാതികൾ കിട്ടുന്ന മുറയ്ക്ക് കർശന നടപടികൾ സ്വീകരിക്കാറുണ്ട്.

അനധികൃത പാചക ഗ്യാസ് വിതരണം

61 [1068] ശ്രീ. വി. കെ.സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനധികൃത പാചകഗ്യാസ് വിതരണം നടക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളെ കേന്ദ്രീകരിച്ചാണ് അനധികൃത പാചകഗ്യാസ് വിതരണം നടന്നുവരുന്നത്; എത്ര കേസുകൾ ഇതിന്റെ ഭാഗമായി രജിസ്റ്റർ ചെയ്തു; എത്രപേരെ അറസ്റ്റ് ചെയ്യുകയുണ്ടായി; ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അനധികൃതമായി വില്പനയ്ക്കായി സൂക്ഷിച്ചിരുന്ന നിറസിലിണ്ടറുകളും കാലിസിലിണ്ടറുകളും പിടിച്ചെടുക്കുകയും ഇ.സി. ആക്ട് പ്രകാരം ജില്ലാ കളക്ടർമാർ കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) തിരുവനന്തപുരം, പത്തനംതിട്ട, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിലാണ് അനധികൃത പാചക ഗ്യാസ് വിതരണം കണ്ടുപിടിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി 11 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. രജിസ്റ്റർ ചെയ്ത കേസുകളുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു:

ജില്ല		രജിസ്റ്റർ ചെയ്ത കേസുകൾ
തിരുവനന്തപുരം	..	3
പത്തനംതിട്ട	..	1
കോഴിക്കോട്	..	6
വയനാട്	..	1
ആകെ	..	11

LIBRARY ARCHIVES Kerala Legislative Assembly